പുതിയങ്ങാടി റോഡ് മെറ്റൽ ചെയ്യൽ

56 [966] ശ്രീ. പി. കുഞ്ഞിരാമൻ കിടാവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഇഞ്ചിയെരി–പുതിയങ്ങാടി റോഡ് മെറ്റൽ ചെയ്യുവാൻ ടെൻഡർ വിളിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പണി എന്നു തീരുമെന്നും എപ്പോൾ ഈ റോഡ് വാഹനഗതാഗത സൗകര്യമുള്ളതാകുമെന്നും പറയാമോ ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

തലശ്ശേരി–കൂരച്ചുണ്ടു റോഡ്

57 [967] ശ്രീ. പി. കുഞ്ഞിരാമൻ കിടാവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കിൽപ്പെട്ട ബാലുശ്ശേരി കൂലച്ചുണ്ടു റോഡ് പി. ഡബ്ലിയൂ. ഡി. ഏറെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡ് വാഹന ഗതാഗത സൗകര്യമുള്ളതാക്കിത്തീർക്കാൻ ഉടനടി വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗതാഗത സൗകര്യമുള്ളതാക്കാനുള്ള നടപടികൾ എടുത്തു കൊണ്ടിരിക്കുകയാണ്. പതിനാലു ലക്ഷം രൂപയ്ക്ക് ഭരണപരമായ അനുവാദം 6–8–1969-ൽ നൽകിക്കഴിഞ്ഞിട്ടുണ്ട്. സാങ്കേതികാനുമതിക്കാവശ്യമായ നടപടികൾ എടുത്തുവരുന്നു.

റൂറൽ മാൻപവ്വർ സ്കീം

58 [970] ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂറൽ മാൻപവ്വർ സ്കീം അനുസരിച്ച് ഓരോ ബ്ലോക്കിനും പണം അനുവദിച്ചുകൊടുക്കുന്നതിന്റെ മാനദണ്ഡം എന്താണ് ;

(ബി) പ്രസ്തുത സ്കീം അനുസരിച്ച് കഴിഞ്ഞ രണ്ടു കൊല്ലക്കാലത്ത് ഓരോ ബ്ലോക്കിനും അനുവദിച്ചുകൊടുത്ത സംഖ്യ എത്രയാണ് ;

(സി) ഇരിക്കൂർ ബ്ലോക്കിൽ ആർ. എം. പി. സ്കീം അനുസരിച്ച് ഇതിനകം എത്ര ഉറുപ്പിക അനുവദിച്ചു ?

ഉത്തരം

(എ) സാധാരണ നിലയിൽ ആറു കൊല്ലത്തിനകം 5 ലക്ഷം രൂപയെങ്കിലും ഓരോ ബ്ലോക്കിനും കിട്ടിയിരിക്കണമെന്ന അടിസ്ഥാനത്തിലാണ് ഈ പദ്ധതിപ്രകാരം പണം അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly